(ബി) കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരിക്കുന്നത് സംബന്ധിച്ച് ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ കമ്മിറ്റി സമർപ്പിച്ച "ദി കേസ് ഫോർ കേരളാ അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ്" എന്ന പേരിലുള്ള പഠന റിപ്പോർട്ട് സർക്കാർ അംഗീകരിച്ച് ഉത്തരവ് (16-8-2014-ലെ സ.ഉ. (എംഎസ്.) നമ്പർ 228/14/പൊ.ഭ) പുറപ്പെടുവിച്ചിട്ടുണ്ട്. ആദ്യഘട്ടമായി 18 വകുപ്പുകളെ കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിൽ ഉൾപ്പെടുത്താനാണ് പ്രസ്തുത കമ്മീറ്റി ശിപാർശ ചെയ്തിരുന്നത്. മറ്റ് കാര്യങ്ങൾ തീരുമാനിച്ചിട്ടില്ല.

(സി) കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരിക്കുന്നത് സംബന്ധിച്ച് അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സമർപ്പിച്ച സർവ്വീസ് സംഘടനകളുമായി ചീഫ് സെക്രട്ടറി ചർച്ച നടത്തിയിരുന്നു. യോഗത്തിൽ പ്രത്യേകം തീരുമാനങ്ങളൊന്നും എടുത്തിട്ടില്ല.

കോഴിക്കോട് ജില്ലയിലെ എൽ.ഡി. ടൈപ്പിസ്റ്റ് നിയമനം

82 (1948) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിൽ എൽ.ഡി. ടൈപ്പിസ്റ്റ് (കാറ്റഗറി നമ്പർ 205/2009) റാങ്ക് ലിസ്റ്റിൽ എത്ര പേർക്ക് ഇതുവരെ നിയമനം നൽകിയിട്ടുണ്ട് ;

(ബി) റാങ്ക് ലിസ്റ്റ് നിലവിൽ വന്നശേഷം ഏതെല്ലാം വകുപ്പുകളിലാണ് ടൈപ്പിസ്റ്റ് തസ്തികകൾ വെട്ടിക്കുറച്ചിട്ടുള്ളത് ; വിശദാംശം നൽകാമോ ;

(സി) നിലവിൽ ഓരോ വകുപ്പുകളിലും ഉള്ള ഒഴിവുകൾ യഥാസമയം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ; ഇല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ ;

(ഡി) നിലവിൽ തടസ്സങ്ങൾ നീക്കി മുഴുവൻ ഉദ്യോഗാർത്ഥികൾക്കും നിയമനം നൽകാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 27-10-2014 വരെ 171 പേർക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്.

(ബി&സി) വിവരം ശേഖരിച്ചു വരുന്നു.

(ഡി) നിയമന പ്രക്രിയ ത്വരിതപ്പെടുത്തുന്നതിനായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യേണ്ടതായ നിലവിലുള്ള ഹെഡ്ക്വാർട്ടർ ഒഴിവുകൾ ഉൾപ്പെടെയുള്ള എല്ലാ ഒഴിവുകളും അടിയന്തരമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുവാൻ എല്ലാ വകുപ്പ് മേധാവികൾക്കും നിയമനാധികാരികൾക്കും സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly